**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2307 08.05.2017 -ൽ മറുപടിക്ക്**

**എൻ. എച്ച്. 66 ൽ ആർ. ഒ. ബി. ഇല്ലാത്ത സ്ഥലങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി)** |
| (എ) സംസ്ഥാനത്ത് എൻ. എച്ച്. 66 ൽ ആർ.ഒ.ബി. ഇല്ലാത്ത എത്ര സ്ഥലങ്ങളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) സംസ്ഥാനത്ത് എൻ.എച്ച് 66 ൽ ആർ.ഒ.ബി ഇല്ലാത്തത് കാസർഗോഡ് ജില്ലയിലെ പള്ളിക്കരയിലും കണ്ണൂർ ജില്ലയിലെ ചൊവ്വ, നടാൽ എന്നീ സ്ഥലങ്ങളിലുമാണ്. |
| (ബി) ഇവിടങ്ങളിൽ ആർ. ഒ. ബി. നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) ഇവിടങ്ങളിൽ ആർ.ഒ.ബി നിർമ്മിക്കുന്ന തിനുള്ള നടപടികൾ പുരോഗമിക്കുന്നു. പള്ളിക്കര, ചൊവ്വ, നടാൽ എന്നീ ആർ.ഒ.ബി നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചൈതന്യ കൺസൾട്ടൻസി എന്ന സ്ഥാപനത്തെ കേന്ദ്ര ഉപരിതല മന്ത്രാലയം ഏൽപ്പിക്കുകയുണ്ടായി. ദേശീയ പാത 66 നാലുവരിപ്പാതയാക്കുന്ന പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തുടങ്ങിയതിനാൽ പള്ളിക്കര ആർ.ഒ.ബി അതോടൊപ്പം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ചൊവ്വ, നടാൽ എന്നീ ആർ.ഒ.ബികളുടെ അലൈൻമെന്റ് അംഗീകരിക്കുകയും ഡി.പി.ആർ അംഗീകാരത്തിനായി ഉപരിതലഗതാഗത മന്ത്രാലയത്തിൽ ചൈതന്യ കൺസൾട്ടൻസി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

S. Bindu

**സെക്ഷൻ ഓഫീസർ**